**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 572            09.02.2016- ൽ മറുപടിക്ക്**

**"ബിസിനസ്സ് റ്റു ബിസിനസ്സ് എക്സിബിഷൻ "**

**ചോദ്യം**                                        **ഉത്തരം**

**പ്രൊഫ. സി.രവീന്ദ്രനാഥ്**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | ബിസിനസ്സ് റ്റു ബിസിനസ്സ് എക്സിബിഷൻ സംഘടിപ്പിച്ചതിന്റെ ഫലമായി എന്തൊക്കെ മാറ്റങ്ങളാണ് വ്യവസായ മേഖലയിൽ വന്നിട്ടുള്ളത്; വിശദമാക്കാമോ? | എ) | വ്യവസായ വാണിജ്യ വകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ കൾക്ക് വേണ്ടി 2015 ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചിയിൽ നടത്തിയ കേരള ബിസിനസ് ടു ബിസിനസ് മീറ്റിൽ വിവിധ ജില്ലകളിൽ നിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റയിൽസ് & ഗാർമെന്റ്സ്, റബ്ബർ, മര വ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുളപോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപന്നങ്ങൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 150 ചെറുകിട ഉത്പാദകർക്ക് അവരുടെ ഉൽപന്നങ്ങളും സാങ്കേതിക വിദ്യയും പ്രദർശിപ്പിക്കുന്നതിനും സംസ്ഥാനത്തിനു പുറത്തുള്ള ആവശ്യക്കാരുമായി നേരിട്ട് സംവദിക്കുന്നതിനുമുള്ള അവസരം ലഭിച്ചു.<br><br>ഈ മീറ്റിൽ പങ്കെടുത്ത ചെറുകിട വ്യവസായികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണന സാധ്യത കണ്ടെത്തുവാൻ സാധിക്കുകയും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുവാനുള്ള അവസരം കിട്ടുകയും ചെയ്തു. |

**സെക്ഷൻ ഓഫീസർ**